Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 08/2022**

# കേരള സഭാനവീകരണം
## (2022 - 2025)

ഈശോമിശിഹായിൽ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സഭയിൽ ഒരു ആത്മീയ വസന്തം ലക്ഷ്യമാക്കി 2022 മുതൽ 2025 വരെയുള്ള കാലഘട്ടം നവീകരണകാലമായി കേരളസഭ ആചരിക്കുകയാണ്. സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ 2022 സെപ്റ്റംബർ 9-ാം തീയതിയാണ് കേരള സഭാനവീകരണവർഷ പ്രാർത്ഥനാദിനങ്ങൾ ആരംഭിച്ചത്. 2022 ആഗസ്റ്റ് മാസം കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിച്ച സർക്കുലറിന്റെ ആഹ്വാനമനുസരിച്ച് സഭാപരമായ നവീകരണത്തിനുവേണ്ടി അതിരൂപതയെന്ന നിലയിൽ നമുക്കും ഏതാനും കാര്യങ്ങൾ ചെയ്യാനാകും.

കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഓരോ രൂപതയ്ക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനായി ഓരോ ദിനം നിശ്ചയിച്ചിട്ടുണ്ട്. കേരള സഭ മുഴുവൻ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നത് **സെപ്റ്റംബർ 14-ാം തീയതി ബുധനാഴ്ച**യാണ്. അന്നേദിവസം അതിരൂപതയിലെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും, സന്യാസ ഭവനങ്ങളിലും ഏകദിന ആരാധന നടത്തി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. കേരളസഭയിലെ മറ്റെല്ലാ രൂപതകൾക്കുവേണ്ടിയും നമ്മൾ പ്രാർത്ഥിക്കണം. വിശുദ്ധ കുർബാനയിലും ഒക്ടോബർ മാസത്തിലെ ആഘോഷമായ ജപമാല പ്രാർത്ഥനകളിലും ഉചിതമായ കറോസൂസകൾ ഉൾക്കൊള്ളിച്ച് ഈ ദിനങ്ങളിൽ പ്രാർത്ഥിക്കുമല്ലോ.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി 2022 സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള 40 ദിവസങ്ങൾ പ്രാർത്ഥനാ ദിനങ്ങളാണ്. ഈ ദിവസങ്ങളിൽ കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം, മാർപാപ്പയുടെ നിയോഗങ്ങൾക്കായുള്ള പ്രാർത്ഥന തുടങ്ങിയവ നിർവ്വഹിക്കുന്ന ക്രൈസ്തവ വിശ്വാസികൾക്ക് പൂർണ്ണദണ്ഡവിമോചനം ലഭിക്കുമെന്ന് റോമിലെ അപ്പസ്തോലിക് പെനിറ്റൻഷ്യറി അറിയിച്ചിട്ടുണ്ട്.

നവീകരണ സംരംഭങ്ങളിൽ പങ്കുചേർന്ന് ആത്മീയതയുടെ സുഗന്ധം പരത്തുവാൻ എല്ലാ ഇടവകകൾക്കും, സന്യാസഭവനങ്ങൾക്കും, കുടുംബങ്ങൾക്കും, വ്യക്തികൾക്കും കഴിയ

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ അത്ഭുതാവഹമായ ആത്മീയമുന്നേറ്റങ്ങൾക്ക് വഴിയൊരുക്കും. ക്രിസ്തുവിൽ ഏകശരീരമായ (റോമ 12.5) നമുക്ക് ആത്മാവിൽ ജ്വലിക്കുന്നവരായി ശുശ്രൂഷ ചെയ്യുവാനും (റോമ 12.11), പുതിയ സൃഷ്ടിയാകാനും (ഗലാ 6.15) ദൈവം ഇടവരുത്തട്ടെ. ഈശോയുടെ തിരുഹൃദയത്തിന്റെ കൃപാവരം നമ്മെ അതിന് പ്രാപ്തരാക്കട്ടെയെന്ന് പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

*NB: വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ അനന്തരഫലമായി അതിജീവനത്തിനും ഉപജീവന സംരക്ഷണത്തിനുമായി തീരദേശസമൂഹം നടത്തുന്ന പോരാട്ടത്തിൽ നമ്മുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ അതിരൂപതാംഗങ്ങൾ വിഴിഞ്ഞത്ത് പോയി ഐക്യദാർഢ്യം പ്രകടിപ്പിച്ചത് നന്ദിപൂർവ്വം ഞാൻ ഓർക്കുന്നു. ഇക്കാര്യത്തിൽ സാധ്യമാകുന്ന വിധത്തിലുള്ള സഹകരണം നമ്മുടെ അതിരൂപതാംഗങ്ങളുടെ ഭാഗത്തുനിന്നും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.*

ഈശോയിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

............................................

NB: ഈ സർക്കുലർ 2022 സെപ്റ്റംബർ 11-ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.